## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 84*

28.02.2018-ലെ മറുപടി

# കേരള ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല<br>,, പി.കെ.അബ്ദു റബ്ബ്<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, സി.മമ്മൂട്ടി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള ജല അതോറിറ്റി ലാഭകരമാക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്.<br>കേരള വാട്ടർ അതോറിറ്റിയെ ലാഭകരമാക്കുന്നതിനായി ഏതാനും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1) വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിതള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.<br>2) വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനും.<br>3) ഒട്ടനവധി പദ്ധതികൾ ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുന്നതിനും.<br>4) നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുന്നതിനും<br>5) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. |
| (ബി) ജല അതോറിറ്റിക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിവരുന്നു. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാന്റ് നോട്ടീസ് |

ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ നൽകുന്നുണ്ട്. കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ നേരിട്ട് പോയി കുടിശ്ശിക പിരിയ്ക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശിക തവണകളായി അടയ്ക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ ക്യാമ്പെയ്നുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഉപഭോക്താക്കൾക്ക് നിലവിലുള്ള ഉത്തരവ് അനുസരിച്ച് കുടിശ്ശിക തവണകളാക്കി അടച്ചുതീർക്കാൻ അനുവദിക്കുന്നു. കൂടാതെ സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പുമേധാവികളുടെ ശ്രദ്ധയിൽ പ്പെടുത്തി പിരിച്ചെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പത്രമാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും ചെയ്യാറുണ്ട്. റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ നടന്നുവരുന്നു.

| | | | |
|---|---|---|---|
| (സി) | വിവിധ സർക്കാർ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക എപ്രകാരം ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടച്ചു തീർക്കാനുള്ള അവസരം നല്കുകയും കുടിശ്ശിക നിവാരണത്തിനായി ഡിവിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്ത് കുടിശ്ശിക നിവാരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനോട് അനുബന്ധിച്ച് എല്ലാ ജില്ലകളിലും 2018 ജനുവരി മാസത്തിൽ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി അദാലത്ത് നടത്തുകയുണ്ടായി. |
| (ഡി) | കുടിശ്ശിക പിരിച്ചെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കുടിശ്ശിക പിരിച്ചെടുക്കാനുള്ള നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

Reeb

സെക്ഷൻ ഓഫീസർ